പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 2308 — 18.12.2012 ൽ മറുപടിയ്ക്ക്

## ശബരിമലയിലെയും, പമ്പയിലെയും പാരിസ്ഥിതിക പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.സുരേഷ് കുറുപ്പ് | സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) ശബരിമലയിലെയും, പമ്പയിലെയും പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് കേന്ദ്ര മന്ത്രാലയത്തിന് മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ; | (എ) പമ്പാ ആക്ഷൻ പ്ലാൻ നടപ്പാക്കാനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി കേന്ദ്ര വനം-പരിസ്ഥിതി വകുപ്പു മന്ത്രാലയത്തിന് സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന്റെ പകർപ്പ് നിയമസഭാ ലൈബ്രറിയിൽ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിന് കേന്ദ്ര അംഗീകാരം എന്നാണ് ലഭിച്ചത്; ഈ പദ്ധതികൾക്കായി എത്ര തുക കേന്ദ്രം അനുവദിച്ചിരുന്നു; ഇത് പദ്ധതി ചെലവിന്റെ എത്ര ശതമാനമാണ്; | (ബി) പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് 2003 മെയ് മാസത്തിലാണ് അംഗീകാരം ലഭിച്ചത്. ആദ്യഘട്ടത്തിന് ആകെ അംഗീകരിച്ച 18.45 കോടി രൂപയുടെ 70% ആയ 12.92 കോടി രൂപയിൽ ആദ്യ ഗഡുവായ 2.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇത് ഒന്നാംഘട്ട പദ്ധതി ച്ചെലവിന്റെ 14.9 ശതമാനമാണ്. |
| (സി) അനുവദിക്കപ്പെട്ട പദ്ധതികളിൽ ഏതെല്ലാം ഇതിനകം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ? | (സി) 1. ഇരുനില ലാട്രിനുകളുടെ നിർമ്മാണം, ശബരിമലയിലും, പമ്പയിലും, പമ്പാ പാർക്കിംഗ് ഗ്രൗണ്ടിനു സമീപവും.<br>2. പമ്പാ നദിയുടെ മലിനീകരണം തടയുന്നതിനായിഖരമാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങൾ ശബരിമലയിലും പമ്പയിലും.<br>3. പമ്പാനദിയിൽ മാലിന്യങ്ങൾ എത്തുന്നതു തടയുന്നതിനായി പമ്പയാറ്റിലും കക്കിയാറ്റിലും സ്റ്റോറേജ് വിയറുകളുടെ നിർമ്മാണം.<br>4. പമ്പ ആറാട്ടുകടവിൽ ഞുണങ്ങാർ ചേരുന്ന ഭാഗത്ത് വെന്റഡ് ക്രോസ് ബാർ നിർമ്മാണം.<br>5. പമ്പയിൽ പുതിയ കുളിക്കടവ് നിർമ്മാണം.<br>6. ബോധവല്ക്കരണ പരിപാടികൾ എന്നിവ നടപ്പാക്കിയിട്ടുണ്ട് |

(ഒപ്പ്)
സെക്ഷൻ ഓഫീസർ